**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **07.02.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 3216**

**കായംകുളം ഫിഷിംഗ് ഹാർബറിന്റെ സമഗ്രവികസനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കായംകുളം ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടർ സംവിധാനം തകർന്ന് അപകടകരമായ നിലയിലായതും ഹാർബറിന്റെ മേഖലയിൽ ഡ്രഡ്ജ് ചെയ്യാത്തതു മൂലമുണ്ടാകുന്ന അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ശക്തമായ കടലാക്രമണത്തിൽ കായംകുളം ഫിഷറി ഹാർബറിലെ തെക്കെ പുലിമുട്ടിന്റെ അഗ്രഭാഗം ഏകദേശം 50 മീറ്റർ നീളത്തിൽ തകർന്നിട്ടുണ്ട്. നബാർഡ് ധനസഹായത്തോടെ പുലിമുട്ടുകളുടെ പുനരുദ്ധാരണം, ഉൾപ്പെടെ കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിന് 36 കോടി രൂപ 2018-ലെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്കായി 130 ലക്ഷം രൂപയുടെ ഭരണാനുമതി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമായിരുന്നു. ടി പ്രവൃത്തി ആരംഭിച്ചുവെങ്കിലും ഡ്രഡ്ജിംഗിലെ അളവു രീതി സംബന്ധിച്ച തർക്കംമൂലം കരാർ കമ്പനി കേസ് ഫയൽ ചെയ്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. കേസ് വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ വലിയഴീക്കൽ ഭാഗത്ത് അടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിന് സ്റ്റേറ്റ് ഫണ്ടായി 50 ലക്ഷം രൂപ നൽകിയത് പ്രകാരം പ്രവൃത്തി ഏർപ്പാടാക്കി പൂർത്തീകരണ ഘട്ടത്തിലാണ്. |
| (ബി) | മുൻപ് ഡ്രഡ്ജ് ചെയ്ത മണ്ണ് ഹാർബറിൽ നിന്ന് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കായംകുളം ഹാർബറിൽ പൊതുമേഖലാ സ്ഥാപനമായ KMML ഡ്രഡ്ജു ചെയ്തു കൂട്ടിയിട്ടിരിക്കുന്ന മണ്ണ് വിൽക്കുന്നതിനായി ദർഘാസ് ക്ഷണിക്കുകയും ദർഘാസുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുകയുമാണ്. |
| (സി) | പ്രസ്തുത ഹാർബറിന്റെ സമഗ്രവികസനത്തിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | നബാർഡ് ധനസഹായത്തോടെ കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിന് 36 കോടി രൂപ 2018-ലെ ബജറ്റു പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ ബ്രേക്ക്‌വാട്ടറുകളുടെ പുനരുദ്ധാരണം, ഡ്രഡ്ജിംഗ്, വാർഫ്, ലേലപ്പുര 150 മീറ്റർ നീളം വർദ്ധിപ്പിക്കൽ, പാർക്കിംഗ് ഏരിയയുടെ വിസ്തൃതി വർദ്ധിപ്പിക്കൽ തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഫിഷ് ലോഡിംഗ് ഏരിയാ, പായ്ക്കിംഗ് സെന്റർ, ഷോപ്പുകൾ, ലോക്കർ റൂമുകൾ, ഇലക്ട്രിഫിക്കേഷൻ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ